# യോഗനടപടിക്കുറിപ്പ്

| | |
|---|---|
| വിഷയം | മോട്ടോർ വാഹന വകുപ്പ് ഓൺലൈൻ സേവനങ്ങൾ അക്ഷയ–കുടുംബശ്രീ ഇ–സേവാ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നത്–സർവീസ് ചാർജ്ജ് ഏകീകരണം സംബന്ധിച്ച് |
| തീയതി | 07/01/2021 |
| സമയം | 3.30 PM |
| സ്ഥലം | ട്രാൻസ്പോർട് കമ്മീഷണറേറ്റ് |

| പങ്കെടുത്തവർ | പേര്, ഉദ്യോഗപ്പേര്, ഓഫീസ് |
|---|---|
| 1. | ശ്രീ. എം ആർ അജിത്കുമാർ ഐ പി എസ്, ട്രാൻസ്പോർട്ട് കമ്മീഷണർ |
| 2. | ശ്രീ.രാജീവ്പുത്തലത്ത്,<br>ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ |
| 3. | ശ്രീ.റെജു ടോം ലാൽ<br>(മാനേജർ സർവീസ് ഡെലിവറി അക്ഷയ) |
| 4. | ശ്രീമതി സുചിത്ര.എസ്<br>(എസ് പി എം– കുടുംബശ്രീ) |
| 5. | രാജേഷ് കുമാർ വില്ല്യംസ്, ഹെഡ് അക്കൌണ്ടന്റ് & വിർച്വൽ ഐ.ടി.കേഡർ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വടക്കാഞ്ചേരി |

ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. എം ആർ അജിത്കുമാർ ഐ പി എസ് അധ്യക്ഷത വഹിച്ച യോഗത്തിൽ താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ച ചർച്ച ചെയ്ത തീരുമാനങ്ങൾ കൈക്കൊണ്ടു .

| | |
|---|---|
| 1. | അക്ഷയ–കുടുംബശ്രീ ഇ–സേവാ കേന്ദ്രങ്ങൾ അമിതഫീസ് ഈടാക്കൽ |
| 2. | കുടുംബശ്രീ ഇ–സേവാ കേന്ദ്രം സർവീസ് ചാർജ് |
| 3. | കുടുംബശ്രീ ഇ സേവാ കിയോസ്ക് |
| 4. | കുടുംബശ്രീ ഇ–സേവാ കേന്ദ്രം കരാർ |

<u>തീരുമാനങ്ങൾ</u>

1. അക്ഷയകേന്ദ്രങ്ങൾ സർക്കാർ അംഗീകൃത സർവീസ് ചാർജ് ഈടാക്കേണ്ടതും മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസ് പരിസരത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ ഇ–സേവാ കേന്ദ്രങ്ങൾ വകുപ്പുമായി ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥയ്ക്ക് വിധേയമായ ചാർജുകൾ ഈടാക്കേണ്ടതും അവയ്ക്ക് രസീത് നൽകേണ്ടതുമാണ്. സർവീസ്

സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് വ്യക്തമായി കാണുന്നതിനായി നോട്ടീസ് ബോർഡ് സ്ഥാപിച്ച് പ്രദർശിപ്പിക്കേണ്ടതാണ്.

2. മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ അനുവദിച്ചിട്ടുള്ള സ്ഥലത്ത് പ്രവർത്തിച്ച് വരുന്ന കുടുംബശ്രീ ഇ-സേവാ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഓരോ സേവനത്തിനും സർവീസ് ചാർജ് ഇനത്തിൽ 30/-രൂപ ഈടാക്കി കൊണ്ട് പ്രവർത്തിക്കേണ്ടതാണ്.

3. പൊതുജനങ്ങൾ കൂട്ടതലായി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ കുടുംബശ്രീ ഇ-സേവാ കിയോസ്കുകൾ സർക്കാരിന്റെ അനുമതിയോടുകൂടി സ്ഥാപിക്കാവുന്നതും സേവനങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ നിർണ്ണയിക്കുന്ന സർവീസ് ചാർജ്ജ് ഈടാക്കാവുന്നതുമാണ്.

4. ആർ.ടി.ഒ/സബ് ആർ.ടി.ഒ ഓഫീസ് പരിസരത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ കേന്ദ്രങ്ങളുമായുള്ള കരാർ അവസാനിച്ച തീയതി മുതൽ മൂന്ന് വർഷത്തേക്ക് കരാർ പുതുക്കുന്നതിന് തീരുമാനിച്ചു.

യോഗ നടപടികൾ 4.30 PM-ന് അവസാനിച്ചു.

Digitally signed by M R AJITHKUMAR IPS
Date:Wed Mar 03 12:00:50 IST 2021
Reason: Approved

**M R Ajithkumar Ips**
**Transport Commissioner**